LIBRARY ARCHIVES Kerala Legislative Assembly

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിലധികം വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും, നാലുചക്രവാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽനിന്നും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്നും ശേഖരിച്ച് ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്നു കണ്ടെത്തിയവരെ ഉൾപ്പെടുത്തിവരുന്നു. എ.എ.വൈ./ പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെന്ന് കണ്ടെത്തുന്നവരെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്. ഇതിനുപുറമേ എ.എ.വൈ., മുൻഗണനാ റേഷൻ കാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം 15-7-2021 വരെ നൽകുകയുണ്ടായി. ഇപ്രകാരം മുൻഗണനാപട്ടികയിൽപ്പെട്ട അനർഹരെ ഒഴിവാക്കുന്ന നടപടികൾ തുടർന്നുവരുന്നു. മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്നമുറയ്ക്ക് സീനിയോറിറ്റിപ്രകാരം മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നമുറയ്ക്ക് മേൽപ്പറഞ്ഞ പട്ടികയിൽ അർഹരെ ഉൾപ്പെടുത്തുന്നുണ്ട്.

മുൻഗണനാ റേഷൻ കാർഡിനുള്ള അപേക്ഷ

308 (5033) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് മുൻഗണനാവിഭാഗത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച പരാതി/അപേക്ഷ താലൂക്ക് സപ്ലൈ ഓഫീസർ വഴി നിലവിൽ സ്വീകരിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

വരുമാന സർട്ടിഫിക്കറ്റ്, ഗുരുതര രോഗബാധിതൻ ആണെങ്കിൽ ആയത് തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, മുൻഗണനയ്ക്ക് അർഹതയുണ്ടെന്ന് തെളിയിക്കുന്നതിന് ഉപോൽബലകമായ മറ്റെന്തെങ്കിലും രേഖയുണ്ടെങ്കിൽ അതിന്റെ പകർപ്പ്.

(സി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള അർഹത മാനദണ്ഡങ്ങൾ വിശദമാക്കാമോ;

&

(ഡി) മത്സ്യത്തൊഴിലാളികൾ/ക്യാൻസർ ബാധിതർ/ഡയാലിസിസ് ചെയ്തു വരുന്ന വൃക്കരോഗികൾ/മറ്റ് മാരക രോഗബാധിതർ എന്നിവർ ഉൾപ്പെട്ട കാർഡുകൾ മുൻഗണനാവിഭാഗത്തിലേക്ക് മാറ്റിനൽകുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ ആയവയുടെ പകർപ്പ് ലഭ്യമാക്കാമോ?

എ.എ.വൈ., പി.എച്ച്.എച്ച്. കാർഡുടമകളാണ് മുൻഗണനാവിഭാഗത്തിൽ ഉൾപ്പെട്ടുവരുന്നത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം കേന്ദ്രസർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 1,54,80,040 ഒഴിവുകളിൽ അർഹരായ എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നതിന് കേന്ദ്രസർക്കാർ മാനദണ്ഡങ്ങളും മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിന് സംസ്ഥാന മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ 25-12-2000-ൽ ആരംഭിച്ച അന്ത്യോദയ അന്നയോജന (എ.എ.വൈ.) പദ്ധതിയിൽ താഴെപ്പറയുന്ന മാനദണ്ഡപ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്. 1. സാമൂഹ്യമോ കുടുംബപരമോ, ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യരോഗബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ. 2. എല്ലാ പ്രാക്തന (പ്രാചീന) ഗോത്രവർഗ്ഗ കുടുംബങ്ങളും. ഇതുകൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠ രോഗബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടിവന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെക്കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. 18-9-2017-ലെ സ.ഉ.(സാധാ)നമ്പർ 320/17/ഭ.പൊ.വിവ.

LIBRARY ARCHIVES Kerala Legislative Assembly

(അനുബന്ധം 1 ആയി ചേർക്കുന്നു*) പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പി.എച്ച്.എച്ച്. ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. പ്രസ്തുത മാനദണ്ഡ പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്ത പരമ്പരാഗത/അസംഘടിത തൊഴിലാളി കുടുംബങ്ങൾ, ക്യാൻസർ ബാധിതർ/ഡയാലിസിസ് ചെയ്യുവരുന്ന വൃക്കരോഗികൾ/മറ്റ് മാരക രോഗബാധിതർ എന്നിവരെ മുൻഗണനയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥചെയ്തിട്ടുണ്ട്. കൂടാതെ ഏതെങ്കിലും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും ഭിന്നശേഷി, സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥ, ഗുരുതരരോഗബാധ എന്നിവയിലേതെങ്കിലും കാരണത്താൽ മുൻഗണനയ്ക്ക് അർഹരെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് 27-10-2020-ലെ സ.ഉ.(സാധാ)നമ്പർ 319/2020/ഭ.പൊ.വി.വ. (അനുബന്ധം 2 ആയി ചേർക്കുന്നു) പ്രകാരം പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

മുൻഗണനാ റേഷൻ കാർഡുകൾ

309 (5034) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർഹർ കൈവശംവച്ചുവരുന്ന മുൻഗണനാ റേഷൻകാർഡുകൾ തിരികെ ലഭ്യമാക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിലധികം വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും, നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽനിന്നും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്നും ശേഖരിച്ച് ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്നു കണ്ടെത്തിയവരെ ഉൾപ്പെടുത്തിവരുന്നു. എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്ന് മാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെന്ന് കണ്ടെത്തുന്നവരെ മുൻഗണനാപട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്. ഇതിനുപുറമേ എ.എ.വൈ., മുൻഗണനാ റേഷൻ കാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം 15-7-2021 വരെ നൽകുകയുണ്ടായി. കൂടാതെ നിലവിൽ എ.എ.വൈ./മുൻഗണനാ വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള റേഷൻ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.